## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1107   30.10.2019-ൽ മറുപടിയ്ക്ക്**

**ലഹരി കടത്തുമായി ബന്ധപ്പെട്ട കേസുകളിലെ കസ്റ്റഡി വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>**,, അൻവർ സാദത്ത്**<br>**,, എ.പി. അനിൽ കുമാർ**<br>**,, സണ്ണി ജോസഫ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |

| | | | |
|---|---|---|---|
| (എ) | ലഹരി കടത്തുമായി ബന്ധപ്പെട്ട കേസുകളിൽ കസ്റ്റഡി വ്യവസ്ഥകൾ ശരിയായ രീതിയിൽ പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കഞ്ചാവ് കേസിലെ പ്രതി രഞ്ജിത് കുമാർ എക്സൈസ് കസ്റ്റഡിയിൽ മർദ്ദനം മൂലം മരിച്ച സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | രഞ്ജിത് കുമാർ എന്ന യുവാവിനെ കസ്റ്റഡിയിലെടുക്കുകയും മരണപ്പെടുന്നതുവരെ എക്സൈസ് കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൃത്യത്തെക്കുറിച്ച് എക്സൈസ് വിജിലൻസ് ഓഫീസറുടെ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന്, രഞ്ജിത് കുമാർ എക്സൈസ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ മരണപ്പെട്ട സംഭവം സംബന്ധിച്ചുള്ള വിഷയം സംബന്ധിച്ച് സമഗ്രമായതും പരാതിക്കിടനൽകാത്തതുമായ അന്വേഷണം നടത്തുന്നതിലേക്ക് വേണ്ടി പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 458/2019 നമ്പർ ക്രൈം കേസ് സി ബി ഐ-യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | പൂവത്തൂരിലെ കള്ള്ഷാപ്പ് ഗോഡൗണിൽ രഞ്ജിത്തിനെ എക്സൈസുകാർ കൊണ്ടുപോയത് | (സി) | ഇല്ല. |

| | | |
|---|---|---|
| | എന്തിനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | |
| (ഡി) | കഞ്ചാവ് കണ്ടെടുക്കുവാനാണ് കൊണ്ടുപോയതെങ്കിൽ അതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർ പാലിച്ചിട്ടുണ്ടോ; | (ഡി) ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടന്നു വരുന്നു. |
| (ഇ) | രഞ്ജിത് കുമാറിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കുന്നതിന് ഉത്തരവ് ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ